# Telephone conversation between PM and President of Indonesia

April 28, 2020

______________________________________________________________________

## പ്രധാനമന്ത്രിയും ഇൻഡിനേഷ്യൻ പ്രസിഡന്റും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

**ഏപ്രിൽ 28, 2020**

ഇൻഡോനേഷ്യൻ പ്രസിഡണ്ട് ആയ ശ്രീ ജോകോവിഡോഡോയുമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ഇന്നലെ ടെലിഫോൺ സംഭാഷണം നടത്തി.

പ്രാദേശികമായും ആഗോളതലത്തിലും COVID -19 പകർച്ചവ്യാധി പടരുന്നതിനെക്കുറിച്ചുള്ള ചിന്തകൾ ഇരു നേതാക്കളും പങ്കു വച്ചു.

ഇന്തോനേഷ്യയിലേക്കുള്ള ഫാർമസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങളുടെ വിതരണത്തിന് സൗകര്യമൊരുക്കിയതിന് ഇൻഡോനേഷ്യൻ പ്രസിഡന്റ് ഇന്ത്യൻ സർക്കാരിന് അഭിനന്ദനങ്ങൾ അറിയിച്ചു. ചികിത്സ ഉത്പന്നങ്ങളുടെ വിതരണത്തിനും രാജ്യങ്ങൾ തമ്മിലുള്ള മറ്റു വസ്തുക്കളുടെ വാണിജ്യത്തിനും തടസം വരാതിരിക്കാനായി പരമാവധി പരിശ്രമിക്കുമെന്നു പ്രധാനമന്ത്രി ഉറപ്പു നൽകി.

പരസപരം രണ്ടു രാജ്യങ്ങളിലും കുടുങ്ങി കിടക്കുന്ന തങ്ങളുടെ പൗരന്മാരുടെ പ്രശ്നങ്ങളും നേതാക്കൾ ചർച്ച ചെയ്തു, കൂടാതെ ഇത് സംബന്ധിച്ചുള്ള സാധ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതിന് തങ്ങളുടെ സംഘങ്ങൾ തമ്മിൽ സമ്പർക്കം പുലർത്തുന്നതാണെന്നു ഇരുവിഭാഗവും സമ്മതിച്ചു.

ഇന്ത്യയുടെ വിദൂര അയല്രാജ്യങ്ങളിലെ പ്രധാനിയായ നാവിക പങ്കാളിയാണ് ഇന്തോനേഷ്യ എന്ന വസ്തുത  പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു കൂടാതെ ഉഭയ കക്ഷി ബന്ധങ്ങളുടെ ദൃഢത ഇരു രാജ്യങ്ങളെയും പകർച്ചവ്യാധിയുടെ പ്രത്യാഘാതങ്ങളോട് പോരാടുന്നതിൽ സഹായിക്കുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പ്രസിഡണ്ട് വിഡോഡുവിനും ഇൻഡോനേഷ്യയിലെ സൗഹാർദ്ദപരമായ ജനതയ്ക്കും വിശുദ്ധ റമദാൻ മാസത്തെ ആശംസകളും അദ്ദേഹം കൈമാറി.

**ന്യൂ ഡൽഹി**

**28 ഏപ്രിൽ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.